# 172/25-M

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 90 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ചുവടെ തന്നിരിക്കുന്ന സംഭവങ്ങളുടെ ശരിയായ കാലഗണന രീതി തെരഞ്ഞെടുക്കുക.
   i. പാരീസിലെ ബാസ്റ്റൽ കോട്ടയുടെ പതനം
   ii. ബോസ്റ്റൺ ടീപാർട്ടി സംഭവം
   iii. ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനം

   A) ii, i, iii  B) iii, i, ii  C) ii, iii, i  D) iii, ii, i

2. ചുവടെ തന്നിരിക്കുന്ന സംഭവങ്ങളിൽ ഡച്ചുകാരുമായി ബന്ധപ്പെട്ടത് ഏതാണ് ?
   A) ഉദയംപേരൂർ സുനഹദോസ്  B) ആറ്റിങ്ങൽ കലാപം
   C) കുറിച്യ കലാപം  D) കുളച്ചൽ യുദ്ധം

3. പോളവാരം ജലസേചന പദ്ധതി നിർമ്മിച്ചിരിക്കുന്നത് ഏത് നദിയിലാണ് ?
   A) ഗോദാവരി  B) കൃഷ്ണ  C) നർമ്മദ  D) മഹാനദി

4. ഗാസയുദ്ധം സംബന്ധിച്ച് ചുവടെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതാണ് ?
   i. ഗാസയുദ്ധം അവസാനിപ്പിക്കാനുള്ള ഉച്ചകോടി 2025 ഒക്ടോബർ 13-ന് ഈജിപ്റ്റിലെ ഷരം അൽ ശൈഖിൽ നടന്നു.
   ii. അമേരിക്കൻ പ്രസിഡണ്ട് ഡോണാൾഡ് ട്രംപും ഈജിപ്റ്റിലെ പ്രസിഡണ്ട് അബ്ദേൽ ഫത്താ അൽസിസിയും ആണ് അധ്യക്ഷത വഹിച്ചത്.
   iii. ബന്ദികളെ കൈമാറുന്നത് സംബന്ധിച്ച് ഉച്ചകോടി തീരുമാനം എടുത്തില്ല.

   A) ഒന്നാമത്തേതും രണ്ടാമത്തേതും മാത്രം (i and ii)
   B) ഒന്നാമത്തേതും മൂന്നാമത്തേതും മാത്രം (i and iii)
   C) രണ്ടാമത്തേതും മൂന്നാമത്തേതും മാത്രം (ii and iii)
   D) എല്ലാ പ്രസ്താവനകളും (i, ii and iii)

5. ചുവടെ തന്നിരിക്കുന്നവയിൽ ശരിയായ ജോടി/ജോടികൾ ഏതെല്ലാമാണ് ?
   i. ഹിതകരണി സമാജം – വീരേശലിംഗം
   ii. സ്വാഭിമാന പ്രസ്ഥാനം – ഈ. വി. രാമസ്വാമി നായിക്കർ
   iii. ആര്യസമാജം – സ്വാമി വിവേകാനന്ദൻ

   A) ഒന്നാമത്തേത് മാത്രം (i)
   B) ഒന്നാമത്തേതും മൂന്നാമത്തേതും മാത്രം (i and iii)
   C) ഒന്നാമത്തേതും രണ്ടാമത്തേതും മാത്രം (i and ii)
   D) രണ്ടാമത്തേതും മൂന്നാമത്തേതും മാത്രം (ii and iii)

6. ഗാന്ധിജിയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ ഏത് ?
   i. ചൗരിചൗര സംഭവത്തെ തുടർന്നാണ് നിയമലംഘന സമരം പിൻവലിച്ചത്.
   ii. ചമ്പാരനിലെ സമരം നീലം കർഷകർക്ക് വേണ്ടിയായിരുന്നു.
   iii. ക്വിറ്റ് ഇന്ത്യ സമരത്തിന് തുടക്കം കുറിച്ചത് ഡൽഹിയിൽ വെച്ചായിരുന്നു.
   A) ഒന്നാമത്തേത് മാത്രം (i)
   B) ഒന്നാമത്തേതും മൂന്നാമത്തേതും മാത്രം (i and iii)
   C) രണ്ടാമത്തേതും മൂന്നാമത്തേതും മാത്രം (ii and iii)
   D) രണ്ടാമത്തേത് മാത്രം (ii)

7. ഭൂമിയും ചന്ദ്രനും സൂര്യനും നേർരേഖയിൽ വരുമ്പോൾ രൂപപ്പെടുന്ന വേലി
   A) വാവുവേലി
   B) സപ്തമി വേലി
   C) വേലിയിറക്കം
   D) മിശ്രിതവേലി

8. ഉപദ്വീപിയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത് ?
   A) ആനമുടി
   B) ദോഡാ ബെട്ട
   C) കാഞ്ചൻ ജംഗ
   D) എവറസ്റ്റ്

9. ഖാദർ ഏത് മണ്ണിനത്തിന്റെ വകഭേദമാണ് ?
   A) കരിമണ്ണ്
   B) എക്കൽമണ്ണ്
   C) വനമണ്ണ്
   D) ലവണമണ്ണ്

10. അന്തരീക്ഷ ആർദ്രത അളക്കുന്ന ഉപകരണമേത് ?
   A) ഹൈഗ്രോമീറ്റർ
   B) അനിമോമീറ്റർ
   C) വിൻഡ്‌വെയ്ൻ
   D) തെർമോമീറ്റർ

11. പകലത്തെ സൂര്യതാപമേറ്റ് പർവ്വത ചരിവിലെ വായു വികസിച്ചുയരുന്നതുമൂലം താഴ്‌വരയിൽ നിന്ന് പർവ്വത മുകളിലേക്ക് കാറ്റ് വീശുന്നത് എങ്ങനെ അറിയപ്പെടുന്നു ?
   A) പർവ്വതക്കാറ്റ്
   B) താഴ്‌വരക്കാറ്റ്
   C) കടൽക്കാറ്റ്
   D) കരക്കാറ്റ്

12. 2025-ലെ വയലാർ സാഹിത്യ പുരസ്കാരത്തിന് അർഹനായത് ആര് ?
   A) ഇ. സന്തോഷ് കുമാർ
   B) അശോകൻ ചരുവിൽ
   C) ബെന്യാമിൻ
   D) സുഭാഷ് ചന്ദ്രൻ

13. കോളനി ഭരണകാലത്തെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ശരിയായ പ്രസ്താവന ഏത് ?
   പ്രസ്താവന – 1 : കാർഷിക മേഖല മുരടിപ്പിലായിരുന്നു (Stagnation).
   പ്രസ്താവന – 2 : കാർഷിക മേഖലയിലെ വാണിജ്യവൽക്കരണം കർഷകരെ നാണ്യവിളകളിൽ നിന്നും ഭക്ഷ്യവിളകളിലേക്ക് ആകർഷിച്ചു.
   പ്രസ്താവന – 3 : ഭൂവുടമ സമ്പ്രദായം കാർഷിക മുരടിപ്പിന്റെ പ്രധാന കാരണമായി.
   A) പ്രസ്താവന – 1, 2, 3 ശരി
   B) പ്രസ്താവന – 1, 2 ശരി
   C) പ്രസ്താവന – 1, 3 ശരി
   D) പ്രസ്താവന – 2, 3 ശരി

14. ഹരിതവിപ്ലവത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചത്
   A) 1960-ന്റെ പകുതി മുതൽ 1970-ന്റെ പകുതി വരെ
   B) 1970-ന്റെ പകുതി മുതൽ 1980-ന്റെ പകുതി വരെ
   C) 1960 മുതൽ 1980 വരെ
   D) ഇതൊന്നുമല്ല

15. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ വായിച്ചശേഷം ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക.
   i. ലോക വ്യാപാര സംഘടന (WTO) 1991-ൽ നിലവിൽ വന്നു.
   ii. GATT-ന്റെ പിൻഗാമി ആയിരുന്നു WTO.
   iii. GATT സ്ഥാപിതമായ വർഷം 1948 ആയിരുന്നു.
   A) i, ii, iii ശരി B) i, ii ശരി C) ii, iii ശരി D) i, iii ശരി

16. ഒരു രാജ്യത്തിന്റെ ആരോഗ്യപരമായ അവസ്ഥ മനസ്സിലാക്കാൻ ഉപയോഗിക്കുന്ന സൂചകം
   A) ശിശുമരണ നിരക്ക്
   B) ആയുർദൈർഘ്യം
   C) പകരുന്നതും അല്ലാത്തതുമായ അസുഖങ്ങളുടെ സാന്നിദ്ധ്യം
   D) ഇതെല്ലാം

17. NITI Aayog (നീതി ആയോഗ്) ആയി യോജിക്കാത്ത പ്രസ്താവന ഏത് ?
   A) NITI Aayog ഒരു ഭരണഘടനാ സ്ഥാപനമാണ്.
   B) സഹകരണ ഫെഡറലിസം ഉൾക്കൊള്ളുന്നു.
   C) പദ്ധതികളുടെ നിരീക്ഷണവും വിലയിരുത്തലും നടത്തുന്നു.
   D) NITI Aayog ഊന്നൽ നൽകുന്നത് സാങ്കേതികവിദ്യയുടെ നവീകരണത്തിലൂടെയുള്ള പദ്ധതികൾക്കും സംരംഭങ്ങൾക്കും.

18. ഇന്ത്യയുടെ G-20 പ്രസിഡൻസിയുടെ പ്രമേയം (2023)
   A) ഒരു രാജ്യം, ഒരു കുടുംബം, ഒരു ഭാവി
   B) ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി
   C) ഒരു ഭൂമി, ഒരു ഭാവി, ഒരു ലോകം
   D) ഇതൊന്നുമല്ല

19. ആറു മുതൽ പതിനാലു വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ഏത് വർഷത്തെ ഭരണഘടനാ ഭേദഗതിയാണ് ?
   A) 2000 B) 2002 C) 2005 D) 2007

20. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക.
   A) അനുച്ഛേദം 38 – തുല്യ നീതിയും സൗജന്യ നിയമസഹായവും
   B) അനുച്ഛേദം 44 – സിവിൽ നിയമസംഹിത
   C) അനുച്ഛേദം 63 – ഭാരതത്തിന് ഒരു ഉപരാഷ്ട്രപതി
   D) അനുച്ഛേദം 79 – പാർലമെന്റ് രൂപീകരണം

21. ഒരു ബിൽ പണബിൽ ആണോ എന്ന് തീരുമാനിക്കാനുള്ള അധികാരം നിക്ഷിപ്തമായി രിക്കുന്നത്

A) ലോക്സഭ സെക്രട്ടറി
B) പ്രസിഡന്റ്
C) ലോക്സഭ സ്പീക്കർ
D) ക്യാബിനറ്റ്

22. വിവരാവകാശ നിയമപ്രകാരം എത്രവർഷം മുൻപുവരെയുള്ള വിവരങ്ങളാണ് ലഭ്യമാകുന്നത് ?

A) 10 വർഷം
B) 15 വർഷം
C) 20 വർഷം
D) 25 വർഷം

23. ജുഡീഷ്യൽ റി-വ്യൂ എന്ന ആശയം ആദ്യമായി അവതരിപ്പിച്ച കേസ്

A) പ്രിവിപേഴ്സ് അബോളിഷൻ കേസ് (1871)
B) മർബറി Vs മാഡിസൺ കേസ് (1803)
C) ഗോലക്നാഥ് കേസ് (1967)
D) കേശവാനന്ദ ഭാരതി കേസ് (1973)

24. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

i. ഇന്ത്യൻ ഭരണഘടനയുടെ ഭാഗം 6-ൽ ആണ് ഇന്ത്യൻ പാർലമെന്റ് ഉൾപ്പെട്ടി രിക്കുന്നത്.
ii. ഇന്ത്യൻ രാഷ്ട്രപതി ലോകസഭയിലെയും രാജ്യസഭയിലെയും അംഗമല്ല.
iii. ഇന്ത്യൻ പാർലമെന്റ് ഒരു ദ്വിമണ്ഡല സഭയാണ്.
iv. പാർലമെന്റ് എന്ന പദം ഉത്ഭവിച്ചത് പാർലർ എന്ന ഇംഗ്ലീഷ് പദത്തിൽ നിന്നാണ്.

A) ii, iii
B) i, ii
C) ii, iv
D) i, iv

25. മതപരമായ ആചാരങ്ങൾ തീരുമാനിക്കുവാനുള്ള അവകാശം അതാത് മതങ്ങൾക്ക് നൽകുന്ന അനുഛേദം

A) അനുഛേദം 25
B) അനുഛേദം 26
C) അനുഛേദം 27
D) അനുഛേദം 28

26. പ്രൊരോഗേഷൻ എന്നത്

A) ഒരു സിറ്റിംഗ് അവസാനിക്കുന്നു
B) ഒരു ലോക്സഭയെ പിരിച്ചു വിടുന്നു
C) ഒരു സെഷൻ അവസാനിക്കുന്നു
D) ഇതൊന്നുമല്ല

27. താഴെ തന്നിരിക്കുന്നവരിൽ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഏത് നടനെയാണ് വോട്ടർ ബോധവത്ക്കരണത്തിനായി നിലവിൽ ദേശീയ പ്രതീകം ആയി അംഗീകരി ച്ചിരിക്കുന്നത് ?

A) വിദ്യാബാലൻ
B) മമ്മൂട്ടി
C) രജനീകാന്ത്
D) രാജ്കുമാർ റാവു

28. നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തിലെ അംഗപരി മിതർക്ക് എത്ര രൂപയാണ് വാർഷിക ചികിത്സാ സഹായം ലഭിക്കുന്നത് ?

A) അൻപതിനായിരം
B) ഒരു ലക്ഷം
C) രണ്ട് ലക്ഷം
D) അഞ്ച് ലക്ഷം

29. കേരളത്തിൽ എം. സി. ജോസഫൈന് തൊട്ട് മുൻപ് വനിതാ കമ്മീഷൻ ചെയർപേഴ്സൺ ആയിരുന്ന വ്യക്തി

A) അഡ്വേക്കേറ്റ് പി. സതീദേവി
B) ശ്രീമതി എം. കമലം
C) ജെസ്റ്റിസ് ശ്രീദേവി
D) ശ്രീമതി കെ. സി. റോസക്കുട്ടി

30. താഴെ തന്നിരിക്കുന്നവയിൽ കേരള ഗവൺമെന്റിന്റെ സൗജന്യ കാൻസർ ചികിത്സ പദ്ധതി ഏതാണ് ?
A) ആരോഗ്യ ജാഗ്രത B) ആയുർദളം C) വർണം D) സുകൃതം

31. പി. സച്ചിദാനന്ദന്റെ ഏത് നോവലിനാണ് കഥാപാത്രങ്ങൾക്ക് പേര് നല്കാത്തത് ?
A) മരണ സർട്ടിഫിക്കറ്റ് B) ജൈവ മനുഷ്യൻ
C) ഉത്തരായനം D) ആൾക്കൂട്ടം

32. ഓസോൺപാളിയുടെ ശോഷണത്തിന് കാരണമാകുന്ന പ്രധാന വാതകം
A) ഓക്സിജൻ B) കാർബൺ മോണോക്സൈഡ്
C) ഹൈഡ്രജൻ D) ക്ലോറോഫ്ലൂറോ കാർബൺ

33. താഴെ പറയുന്നവയിൽ പൂർണ്ണമായും ജീവിതശൈലി രോഗം അല്ലാത്തത് ഏതാണ് ?
A) ക്യാൻസർ B) മലേറിയ C) പ്രമേഹം D) അമിതഭാരം

34. മനുഷ്യശരീരത്തിൽ 'പിത്തരസം' ഉല്പാദിപ്പിക്കുന്ന അവയവം
A) കരൾ B) ചെറുകുടൽ
C) പിത്താശയം D) വൃക്ക

35. 'സൺഷൈൻ വിറ്റാമിൻ' എന്നറിയപ്പെടുന്ന ജീവകം
A) ജീവകം ഡി B) ജീവകം സി C) ജീവകം എ D) ജീവകം ഇ

36. 'പിങ്ക് റിബൺ' ഏത് രോഗത്തിന്റെ ബോധവൽകരണ പ്രതീകമാണ് ?
A) എയ്ഡ്സ് B) സ്തനാർബുദം C) കുഷ്ഠം D) കൊറോണ

37. കേരളത്തിൽ സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്ന മരണാനന്തര അവയവദാന പദ്ധതി ഏത് ?
A) അനന്യം B) കാരുണ്യ സ്പർശം
C) സഹായഹസ്തം D) മൃതസഞ്ജീവനി

38. പാസ്കൽ നിയമം പ്രയോജനപ്പെടുത്തുന്നത്
A) സിറിഞ്ചിന്റെ പ്രവർത്തനം B) ഹൈഡ്രോളിക് ബ്രേക്കുകളിൽ
C) ദന്ത ഡോക്ടറിന്റെ കസേരയിൽ D) ഇവയിലെല്ലാം

39. ഇലക്ട്രോ മാഗ്നറ്റിക് തരംഗങ്ങളെ സംബന്ധിച്ച് താഴെപ്പറയുന്നവയിൽ ശരി യല്ലാത്തത് ഏത് ?
i. എല്ലാം വ്യത്യസ്ത വേഗത ഉള്ളവയാണ്.
ii. മൊബൈൽ ഫോണിൽ മൈക്രോവേവ്സ് ഉപയോഗിക്കുന്നു.
iii. പ്രവേഗ വ്യത്യാസം വരുത്തുന്ന ഇലക്ട്രോണുകളിൽ നിന്നാണ് റേഡിയോ വേവ്സ് ഉണ്ടാകുന്നത്.
A) iii മാത്രം B) ii and iii C) i and iii D) i and ii

40. 20 kg ഭാരമുള്ള ഒരു വസ്തു നിശ്ചലാവസ്ഥയിൽ നിന്നും 20m/s പ്രവേഗം ആർജിക്കുന്നു. ഈ വസ്തുവിൽ ചെയ്ത പ്രവർത്തി
A) 4000 J B) –4000 J C) 2000 J D) 400 J

41. 2025 നവംബർ 2-ാം തീയതി ISRO ഭ്രമണപഥത്തിൽ എത്തിച്ച സ്പേസ് ക്രാഫ്റ്റ് CMS – 03-യുമായി ബന്ധപ്പെട്ട് ശരിയായത് തെരഞ്ഞെടുക്കുക.
   i. LVM 3 എന്ന വിക്ഷേപണ റോക്കറ്റാണ് ഇതിനായി ഉപയോഗിച്ചത്.
   ii. LVM 3 യുടെ മൂന്നാമത്തെ ഓപ്പറേഷണൽ പറക്കലാണിത്.
   iii. ഇതൊരു കമ്മ്യൂണിക്കേഷൻ സാറ്റലൈറ്റാണ്.
   iv. ഭാരം കുറവായതിനാൽ വിക്ഷേപണം എളുപ്പമായിരുന്നു.
   A) i and iii
   B) ii and iii
   C) iii and iv
   D) എല്ലാം ശരിയാണ്

42. താഴെ പറയുന്ന മൂന്ന് ക്വാണ്ടം സംഖ്യകളാൽ രേഖപ്പെടുത്തയിരിക്കുന്ന ഓർബിറ്റലുകളിൽ ഏതിനാണ് കാന്തിക ക്ഷേത്രത്തിന്റെ അഭാവത്തിൽ ഒരേ ഊർജ്ജം ഉണ്ടായിരിക്കുക ?
   i. $n = 1 \quad l = 0 \quad m = 0$
   ii. $n = 3 \quad l = 2 \quad m = 1$
   iii. $n = 2 \quad l = 0 \quad m = 0$
   iv. $n = 3 \quad l = 2 \quad m = 0$
   v. $n = 2 \quad l = 1 \quad m = 0$
   A) i and ii
   B) ii and iii
   C) ii and iv
   D) iii and v

43. താഴെ പറയുന്നവയിൽ ഏത് ക്രമീകരണമാണ് അതിനു നേരെ പരാമർശിച്ചിരിക്കുന്ന സ്വഭാവത്തിന് അനുസൃതമല്ലാത്തത് ?
   A) Li < Na < K < Rb ലോഹ ആരത്തിന്റെ ആരോഹണ ക്രമം
   B) B < C < N < O അയോണീകരണ ഊർജ്ജത്തിന്റെ ആരോഹണക്രമം
   C) I < Br < F < Cl ഇലക്ട്രോൺ ഗെയിൻ എൻതാൽപിയുടെ ആരോഹണക്രമം
   D) $Al^{3+} < Mg^{2+} < Na^{+} < F^{-}$ അയോണിക വലുപ്പത്തിന്റെ ആരോഹണക്രമം

44. ലോഹ സ്ഥാന ചലന പ്രതിപ്രവർത്തനങ്ങളെ കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത് ?
   A) ഇരുമ്പ് കോപ്പർ സൾഫേറ്റിൽ നിന്ന് കോപ്പറിനെ നീക്കം ചെയ്യുന്നു.
   B) സിങ്ക് മഗ്നീഷ്യം സൾഫേറ്റിൽ നിന്ന് മഗ്നീഷ്യത്തെ നീക്കം ചെയ്യുന്നു.
   C) കോപ്പർ ലെഡ് സൾഫേറ്റിൽ നിന്ന് ലെഡിനെ നീക്കം ചെയ്യുന്നു.
   D) മെർക്കുറി സിങ്ക് സൾഫേറ്റിൽ നിന്ന് സിങ്കിനെ നീക്കം ചെയ്യുന്നു.

45. 2025-ലെ രസതന്ത്ര നോബേൽ സമ്മാനം ലഭിച്ചവരുടെ പട്ടികയിൽ ഉൾപ്പെടാത്തത് ആര് ?
   A) സുസുമുകിറ്റഗാവ
   B) ഒമർ യാഗി
   C) ജോൺ എം മാർട്ടിനിസ്
   D) റിച്ചാർഡ് റോബ്സൺ

46. താഴെപ്പറയുന്നവയിൽ കിളിപ്പാട്ടുവൃത്തമായി അറിയപ്പെടുന്നത് ഏതാണ് ?
   A) തരംഗിണി
   B) നതോന്നത
   C) മന്ദാക്രാന്ത
   D) കേക

47. മലയാളത്തിലെ ആദ്യ നിശ്ശബ്ദ ചലച്ചിത്രത്തിന്റെ പേര്
   A) വിഗതകുമാരൻ
   B) ബാലൻ
   C) മാർത്താണ്ഡവർമ്മ
   D) നീലക്കുയിൽ

48. മാപ്പിളപ്പാട്ടിലെ ഈണത്തിന്റെ താളക്രമം അറിയപ്പെടുന്നത്
A) കഴുത്ത്
B) ഇശൽ
C) വാൽക്കമ്പി
D) വാലുമ്മൽ കമ്പി

49. ഇന്ത്യൻ ക്രിക്കറ്റിൽ സച്ചിനു മുമ്പ് ജന്മം കൊണ്ട ബാറ്റിങ്ങ് ഇതിഹാസം ആരാണ് ?
A) രവി ശാസ്ത്രി
B) സുനിൽ ഗാവസ്കർ
C) ദിലീപ് വെംഗ് സർകർ
D) സൗരവ് ഗാംഗുലി

50. തക്‌ബുർനി എന്ന സമകാല നോവൽ രചിച്ചതാര് ?
A) ആർ. രാജശ്രീ
B) വന്ദന
C) വിനോയ് തോമസ്
D) എസ്. ഹരീഷ്

51. $\frac{1}{(-2)^{-2}}$ ന്റെ വില
A) $\frac{1}{-4}$
B) 4
C) $\frac{1}{4}$
D) –4

52. ഒരു സെക്കന്റ് ഒരു മണിക്കൂറിന്റെ എത്ര ദശാംശമാണ് ?
A) 0.000126
B) 0.0025
C) 0.00027
D) 0.00256

53. 4 ന്റെ ആദ്യത്തെ 4 ഗുണിതങ്ങളുടെ ശരാശരി
A) 4
B) 16
C) 1
D) 10

54. രണ്ട് സംഖ്യകൾ തമ്മിലുള്ള അനുപാതം 3 : 4 ഉം അവയുടെ ഗുണനഫലം 1728 ഉം ആയാൽ ചെറിയ സംഖ്യ
A) 36
B) 12
C) 84
D) 48

55. x ഒരു പോസിറ്റീവ് രേഖീയ സംഖ്യ ആയാൽ $3^x + 3^{1-x}$ ന്റെ ഏറ്റവും കുറഞ്ഞ വില
A) 0
B) $\frac{1}{3}$
C) 3
D) $2\sqrt{3}$

56. ചോദ്യചിഹ്നം ഉള്ള ഭാഗത്തെ സംഖ്യ കണ്ടുപിടിക്കുക.
3, 7, 23, 95, ?
A) 62
B) 128
C) 479
D) 575

57. പൂരിപ്പിക്കുക.
Oak : Tree : : Rose : ______
A) Leaf
B) Fruit
C) River
D) Flower

58. കൂട്ടത്തിൽ പെടാത്തത് തെരഞ്ഞെടുക്കുക.
Swimming, Sailing, Driving, Diving
A) Swimming
B) Driving
C) Sailing
D) Diving

59. ഒരു ക്ലോക്കിലെ 5 മണിയിലേക്ക് ചൂണ്ടുന്ന സൂചികൾക്കിടയിലുള്ള കോണളവ് എത്ര ?
A) 30° B) 60° C) 150° D) 120°

60. അനുയോജ്യമായ വാക്ക് ചേർത്ത് പൂരിപ്പിക്കുക.
No one is ________ to the organisation.
A) indispansable B) indispensible
C) indispensabel D) indispensable

61. പ്രോജക്റ്റ് ടൈഗറുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായത് തെരഞ്ഞെടുക്കുക.
1. ദേശീയ തലത്തിൽ കടുവകളുടെ സംരക്ഷണത്തിനായി 1972-ലാണ് പ്രോജക്റ്റ് ടൈഗർ ആരംഭിക്കുന്നത്.
2. കേരളത്തിലെ രണ്ട് കടുവാ സങ്കേതങ്ങളാണ് പെരിയാറും വയനാടും.
3. ദേശീയ കടുവാ സംരക്ഷണ അതോറിറ്റിയുടെ അദ്ധ്യക്ഷൻ കേന്ദ്രവനം പരിസ്ഥിതി വകുപ്പ് മന്ത്രിയാണ്.
A) 1 and 2 B) 1 Only C) 3 Only D) 1, 2 and 3

62. ഒരു പ്രദേശം ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നത് ഏത് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് ?
A) കേരളാ വന നിയമം
B) ഇൻഡ്യൻ വന നിയമം
C) ജൈവ വൈവിദ്ധ്യ സംരക്ഷണ നിയമം
D) വന്യജീവി സംരക്ഷണ നിയമം

63. എലിഫന്റ് റിസർവ്വുമായി (Elephant Reserve) ബന്ധപ്പെട്ട് ശരിയായ വസ്തുതകൾ തെരഞ്ഞെടുക്കുക.
1. കേരളത്തിൽ ആകെ ആറ് എലിഫന്റ് റിസർവ്വുകളാണ് നിലവിലുള്ളത്.
2. ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ള എലിഫന്റ് റിസർവ്വ് ആനമുടി ആണ്.
3. നിലമ്പൂർ എലിഫന്റ് റിസർവ്വിന്റെ ഭൂപ്രദേശം മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട് എന്നീ റവന്യൂ ജില്ലകളിൽ വ്യാപിച്ച് കിടക്കുന്നു.
A) 2 and 3 B) 1 and 2 C) 2 Only D) 3 Only

64. ഇൻഡ്യയിലെ ആദ്യത്തെ ജൈവ മണ്ഡല റിസർവ്വ് (Bio Sphere Reserve) ഏതാണ് ?
A) നീലഗിരി B) സുന്ദർബൻസ്
C) നന്ദാദേവി D) ഗൾഫ് ഓഫ് മാന്നാർ

65. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വനാവരണം (Forest Cover) ഉള്ള സംസ്ഥാനം ഏതാണ് ?
A) മദ്ധ്യപ്രദേശ് B) അരുണാചൽ പ്രദേശ്
C) ഒഡീഷ D) മഹാരാഷ്ട്ര

66. താഴെ കൊടുത്തിരിക്കുന്നവയിൽ ആഗോള താപനത്തിന്റെ സൂചകങ്ങൾ ഏതാണ് ?
   1. സമുദ്രനിരപ്പ് ഉയരുന്നത്
   2. ആവാസ വ്യവസ്ഥയിലെ മാറ്റങ്ങൾ
   3. ഐസ് ഘടനയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ

   A) 1 and 3 B) 1 and 2
   C) 1 Only D) 1, 2 and 3

67. കരിമ്പുഴ വന്യജീവി സങ്കേതത്തെക്കുറിച്ച് ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.
   1. കേരള വന നിയമത്തിലെ പ്രത്യേക അധികാരമുപയോഗിച്ചാണ് സർക്കാർ വന്യജീവി സങ്കേതമായി വിജ്ഞാപനം ചെയ്തത്.
   2. ചോലനായ്ക്കന്മാർ താമസിക്കുന്ന മാഞ്ചീരി കോളനി വന്യജീവി സങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.
   3. മലപ്പുറം ജില്ലയിലെ ന്യൂ അമരമ്പലം സംരക്ഷിത വനത്തിന്റെ ഭാഗങ്ങൾ വന്യജീവി സങ്കേതത്തിൽ ഉൾപ്പെട്ടുവരുന്നു.

   A) 1 and 2 B) 1 Only
   C) 2 and 3 D) 1, 2 and 3

68. "Don't Buy Trouble." എന്നത് ഏതു സംഘടനയുടെ നേതൃത്വത്തിലുള്ള പ്രചാരണ പരിപാടിയാണ് ?
   A) CITES B) TRAFFIC
   C) FAO D) UNEP

69. IUCN വർഗ്ഗീകരണമനുസ്സരിച്ച് സഹ്യപർവ്വത വനങ്ങളിൽ ഗുരുതര വംശനാശ ഭീഷണി (Critically Endangered) നേരിടുന്ന വിഭാഗത്തിൽപ്പെട്ട ജീവി ഏതാണ് ?
   1. മലബാർ വെരുക് (Malabar Civet)
   2. സിംഹവാലൻ കുരങ്ങ് (LionTailed Macaque)
   3. വരയാട് (Nilgiri Thar)

   A) 1 Only B) 1 and 2
   C) 2 and 3 D) 1, 2 and 3

70. കമ്മ്യൂണിറ്റി റിസർവ്വ് (Community Reserve) സംബന്ധിച്ച് ശരിയായവ തെരഞ്ഞെടുക്കുക.
   1. കടലുണ്ടി-വള്ളിക്കുന്ന് ആണ് കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റിസർവ്വ്.
   2. വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളനുസ്സരിച്ചാണ് കമ്മ്യൂണിറ്റി റിസർവ്വ് രൂപീകരിക്കുന്നത്.
   3. കടലുണ്ടി വള്ളിക്കുന്ന് റിസർവ്വിന്റെ വിസ്തീർണ്ണം 1.5 ചതുരശ്ര കിലോമീറ്ററാണ്.

   A) 1 and 2 B) 1 and 3
   C) 1 Only D) 1, 2 and 3

71. താഴെ കൊടുത്തിരിക്കുന്ന ദിനാചരണങ്ങൾ ശരിയായ രീതിയിൽ ചേരുംപടി ചേർത്തിരിക്കുന്നത് തെരഞ്ഞെടുക്കുക.

| | | | |
|---|---|---|---|
| i. | January 5 | : a. | അന്താരാഷ്ട്ര ഓസോൺ ദിനം |
| ii. | April 22 | : b. | ദേശീയപക്ഷി ദിനം |
| iii. | September 16 | : c. | അന്താരാഷ്ട്ര ജൈവവൈവിദ്ധ്യ ദിനം |
| iv. | May 22 | : d. | ഭൗമദിനം |

A) i-a, ii-c, iii-d, iv-b
B) i-b, ii-d, iii-a, iv-c
C) i-c, ii-a, iii-d, iv-b
D) i-c, ii-d, iii-b, iv-a

72. താഴെക്കൊടുത്തിരിക്കുന്ന നിയമങ്ങളും അവ നടപ്പിലാക്കിയ വർഷങ്ങളും ശരിയായി ചേരും പടി ചേർത്തിരിക്കുന്നത് തെരഞ്ഞെടുക്കുക.

| | | | |
|---|---|---|---|
| i. | ഇൻഡ്യൻ വന നിയമം | : a. | 1961 |
| ii. | വന്യജീവി സംരക്ഷണ നിയമം | : b. | 1927 |
| iii. | കേരള വന നിയമം | : c. | 1980 |
| iv. | ഫോറസ്റ്റ് കൺസർവേഷൻ ആക്ട് | : d. | 1972 |

A) i-b, ii-d, iii-a, iv-c
B) i-c, ii-a, iii-d, iv-b
C) i-c, ii-d, iii-b, iv-a
D) i-d, ii-c, iii-b, iv-a

73. കേരളത്തിലെ ആദ്യത്തെ റിസർവ്വ് വനം ഏതാണ് ?

A) നിലമ്പൂർ
B) കോന്നി
C) നെല്ലിയാമ്പതി
D) പെരിയാർ

74. ഓപ്പറേഷൻ “Thunder 2023” നടത്തിയത് എന്തിനുവേണ്ടിയായിരുന്നു ?

A) ഇന്ത്യയിലെ കടുവാത്തോൽ വ്യാപാരികളെ പിടികൂടുന്നതിനായി
B) അന്തർസംസ്ഥാന നാട്ടാനകളുടെ കടത്ത് പിടികൂടുന്നതിനായി
C) അന്താരാഷ്ട്രതലത്തിലുള്ള വന്യജീവി കള്ളക്കടത്ത് കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന്
D) ഗുരുതര വംശനാശ ഭീഷണി നേരിടുന്ന വന്യജീവികളെ കണ്ടെത്തുന്നതിലേക്ക്

75. ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് താഴെപ്പറയുന്നവയിൽ ശരിയായവ തിരഞ്ഞെടുക്കുക.

A) UNEP യുടെ പ്രഖ്യാപനം അനുസരിച്ച് 2024 ലെ ലോക പരിസ്ഥിതി സമ്മേളനത്തിന് ആദിഥ്യം വഹിച്ചത് സൗദി അറേബ്യയാണ്.
B) 2021 മുതൽ 2030 വരെ UNEP പരിസ്ഥിതി പുന:സ്ഥാപന ദശാബ്ദമായി ആചരിക്കുന്നു.
C) 1972 ലെ UN ജനറൽ അസംബ്ലി സമ്മേളനമാണ് ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കുവാൻ തീരുമാനിച്ചത്.
D) All of the above

76. താഴെപ്പറയുന്നവയിൽ പ്രോജക്ട് എലിഫന്റ് (Project Elephant) രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഏതാണെന്ന് കണ്ടെത്തുക.
   i. കാട്ടാനകളുടെയും അവയുടെ ആവാസവ്യവസ്ഥയും ഇടനാഴികളും സംരക്ഷിക്കുക.
   ii. മനുഷ്യ വന്യമൃഗസംഘർഷം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുക.
   iii. നാട്ടാനകളുടെ ക്ഷേമം ഉറപ്പാക്കുക.
   A) i, ii B) i, iii C) i Only D) i, ii and iii

77. റെഡ് ഡേറ്റ ബുക്കിൽ (Red Data Book) കറുത്ത നിറത്തിലുള്ള കോഡ് നൽകിയിരിക്കുന്നത് ഏതു തരം ജീവികളെ സൂചിപ്പിക്കുവാനാണ് ?
   A) വംശ നാശം സംഭവിച്ചവർ
   B) വംശ നാശഭീഷണി നേരിടുന്നവ
   C) പ്രത്യേക പരിഗണന ആവശ്യമില്ലാത്തവർ
   D) അധിനിവേശ ജീവികൾ

78. വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെയാണ് ?
   A) ഹൈദരാബാദ് B) കൊൽക്കത്ത
   C) മുംബൈ D) ഡെറാഡൂൺ

79. ജീവനക്കാരുടെ സെൻസിറ്റീവ് ആയ വ്യക്തിഗത വിവരങ്ങൾ കൈകാര്യം ചെയ്തിരുന്ന ഒരു കോർപ്പറേറ്റ് സ്ഥാപനം, ആ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അശ്രദ്ധ കാണിച്ചു. അതുവഴി ജീവനക്കാർക്ക് നഷ്ടം സംഭവിച്ചു. ഡാറ്റ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതിന് ജീവനക്കാർക്ക് ആ സ്ഥാപനത്തിൽ നിന്ന് നഷ്ടപരിഹാരം ആവശ്യപ്പെടാൻ കഴിയുമോ ?
   A) ഇല്ല. കോർപ്പറേറ്റ് സ്ഥാപനത്തെ സെക്ഷൻ 44 ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരം ക്രിമിനൽ ബാധ്യതയ്ക്ക് മാത്രമേ വിധേയമാക്കാൻ കഴിയൂ.
   B) ഇല്ല. സെക്ഷൻ 43 എ ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരം കോർപ്പറേറ്റ് സ്ഥാപനത്തെ ക്രിമിനൽ ബാധ്യതയ്ക്ക് മാത്രമേ വിധേയമാക്കാൻ കഴിയൂ.
   C) അതെ. സെക്ഷൻ 43 എ ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകാൻ ബോഡി കോർപ്പറേറ്റ് ബാധ്യസ്ഥമാണ്.
   D) അതെ. സെക്ഷൻ 44 ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകാൻ ബോഡി കോർപ്പറേറ്റ് ബാധ്യസ്ഥമാണ്.

80. ഇൻഫർമേഷൻ ടെക്നോളജി ആക്ടുമായി ബന്ധപ്പെട്ട ഇനിപ്പറയുന്നവ പൊരുത്തപ്പെടുത്തുക.

| | |
|---|---|
| 1. സെക്ഷൻ 66C | i. ഐഡന്റിറ്റി മോഷണത്തിനുള്ള ശിക്ഷ |
| 2. സെക്ഷൻ 66E | ii. സൈബർ ഭീകരതയ്ക്കുള്ള ശിക്ഷ |
| 3. സെക്ഷൻ 66F | iii. സ്വകാര്യത ലംഘിക്കുന്നതിനുള്ള ശിക്ഷ |

   A) 1-i, 2-iii, 3-ii B) 1-ii, 2-i, 3-iii
   C) 1-iii, 2-ii, 3-i D) 1-iii, 2-i, 3-ii

81. Either you or I ______ to choose the post.
A) are
B) am
C) was
D) were

82. The passive form of ‘you need not submit the document’.
A) The document need not submit
B) The document need to be submitted
C) The document need not be submitted
D) None of the above

83. They were not ashamed _______ hug each other.
A) to
B) about
C) of
D) off

84. “Get ready for the descent” is an example of
A) Imperative sentence
B) Exclamatory sentence
C) Interrogative sentence
D) Declarative sentence

85. She will _______ the position of a manager tomorrow.
A) take in
B) take out
C) take after
D) take up

86. Choose the correctly spelt word.
A) Manoevure
B) Manoeuver
C) Manoeuvre
D) Maneouvre

87. If I knew her address, I ______ a letter to her.
A) wrote
B) could written
C) could write
D) could have written

88. Synonyms of succumb.
i) yield
ii) relent
iii) revolt
iv) conquer
A) i, ii and iii
B) Both iii and iv
C) Both i and ii
D) All the above

89. I asked him “Can you join the team today”. Change the sentence into reported speech.
A) I asked him if he can join the team today.
B) I asked him that can he join the team that day.
C) I asked him if he joined the team on that day.
D) I asked him if he could join the team on that day.

90. The idiom stands for ‘stop avoiding the main issue and speak directly’.
A) Break a leg
B) Bite the bullet
C) Beat around the bush
D) Beat a dead horse

91. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം ഏത് ?

A) അതിരഥൻ
B) അധിരഥൻ
C) അദിരധൻ
D) അധിരതൻ

92. ഉപക്രമം എന്ന പദത്തിന്റെ വിപരീതാർത്ഥമായി വരുന്ന പദം

A) ക്രമം
B) വിപ്രമം
C) ഉപമം
D) ഉപസംഹാരം

93. 'പൂവമ്പ്' എന്ന പദം പിരിച്ചെഴുതുക.

A) പൂവ് + അമ്പ്
B) പൂ + അമ്പ്
C) പൂം + അമ്പ്
D) പൂ + വമ്പ്

94. താഴെ തന്നിരിക്കുന്നതിൽ സ്ത്രീലിംഗത്തിന് ഉദാഹരണം

A) നങ്ങ്യാർ
B) കയ്മൾ
C) തപസ്വി
D) സഞ്ചാരി

95. മഞ്ഞ് എന്നർത്ഥം വരാത്ത പദം ഏത് ?

A) ഹിമം
B) തൂലം
C) നീഹാരം
D) തുകിനം

96. താഴെ തന്നിട്ടുള്ളവയിൽ ബഹുവചനത്തിന് ഉദാഹരണമേത് ?

A) വൈദ്യർ
B) ശൂദ്രർ
C) പണിക്കർ
D) മിടുക്കർ

97. അമരം പിടിക്കുക എന്ന ശൈലിയുടെ അർത്ഥമായി വരുന്ന പ്രയോഗം ഏത് ?

A) ശരിയായി പിടിക്കുക
B) വെളിച്ചമില്ലാതാക്കുക
C) വഴികാണിക്കുക
D) കഠിനപ്രയത്നം ചെയ്യുക

98. 'കുടിക്കാൻ ആഗ്രഹിക്കുന്നവൻ' എന്നതിന്റെ ഒറ്റപ്പദം ഏത് ?

A) പിപാസു
B) ബുഭുക്ഷു
C) പിപാസൻ
D) ബുഭുക്ഷൻ

99. 'പത്തുപതിനഞ്ച്' എന്ന പദത്തെ ഘടകപദങ്ങളാക്കുക.

A) പത്തും പതിനഞ്ചും
B) പത്തോ പതിനഞ്ചോ
C) പതിനഞ്ചിൽ പത്ത്
D) പത്ത് അല്ലെങ്കിൽ പതിനഞ്ച്

100. Tit for tat എന്ന ഇംഗ്ലീഷ് ശൈലിയുടെ ശരിയായ പരിഭാഷ ഏത് ?

A) അടിപതറുക
B) ചരടുപിടിക്കുക
C) ഉരുളയ്ക്കുപ്പേരി
D) ചതുർഥി കാണുക

## Space for Rough Work

**FINAL ANSWER KEY**
**Question Paper Code:172-2025 M**
**Question Paper Medium:Malayalam**
**Category Code:211/2025,212/2025,213/2025,214/2025,250/2025,251/2025,252/2025,253/2025,**
**Name Of Post & Department:Beat Forest Officer 211/2025, 212/2025, 213/2025, 214/2025, 250/2025,**
**Date Of Test:20-Dec-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | A | A | D | D |
| 2 | D | D | A | A |
| 3 | A | B | B | A |
| 4 | A | A | B | B |
| 5 | C | A | A | A |
| 6 | D | D | A | C |
| 7 | A | A | C | D |
| 8 | A | B | B | B |
| 9 | B | B | A | D |
| 10 | A | A | C | D |
| 11 | B | D | A | D |
| 12 | A | A | D | A |
| 13 | C | B | B | B |
| 14 | B | B | A | B |
| 15 | C | B | A | A |
| 16 | D | A | C | D |
| 17 | A | C | D | A |
| 18 | B | B | B | B |
| 19 | B | A | D | B |
| 20 | A | C | D | B |
| 21 | C | B | D | A |
| 22 | C | D | A | C |
| 23 | B | D | A | B |
| 24 | D | D | B | A |
| 25 | B | A | A | C |
| 26 | C | B | A | B |
| 27 | D | A | D | D |
| 28 | B | C | A | D |
| 29 | D | B | A | D |
| 30 | D | C | C | A |
| 31 | A | C | B | B |
| 32 | D | D | D | A |
| 33 | B | B | D | C |
| 34 | A | D | D | B |
| 35 | A | D | A | C |
| 36 | B | D | C | A |
| 37 | D | A | C | D |
| 38 | D | A | B | B |
| 39 | D | B | D | A |
| 40 | A | A | B | A |
| 41 | A | C | D | A |
| 42 | C | C | A | D |
| 43 | B | B | B | A |
| 44 | A | D | B | A |
| 45 | C | B | B | C |
| 46 | D | A | B | C |
| 47 | A | D | A | C |
| 48 | B | A | C | B |
| 49 | B | A | B | D |
| 50 | B | C | C | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | B | D | D | D |
| 52 | C | B | C | A |
| 53 | D | D | C | D |
| 54 | A | C | D | B |
| 55 | D | C | D | B |
| 56 | C | D | A | C |
| 57 | D | D | B | C |
| 58 | B | A | C | D |
| 59 | C | B | D | D |
| 60 | D | C | B | C |
| 61 | C | D | D | B |
| 62 | D | A | C | A |
| 63 | X | D | B | B |
| 64 | A | C | A | C |
| 65 | A | A | D | D |
| 66 | D | B | D | C |
| 67 | C | A | A | D |
| 68 | B | B | D | X |
| 69 | A | C | C | A |
| 70 | D | D | A | A |
| 71 | B | D | C | D |
| 72 | A | C | D | A |
| 73 | B | B | X | D |
| 74 | C | A | A | C |
| 75 | D | D | A | A |
| 76 | D | C | B | D |
| 77 | A | D | A | C |
| 78 | D | X | B | B |
| 79 | C | A | C | A |
| 80 | A | A | D | D |
| 81 | B | C | D | A |
| 82 | C | C | C | A |
| 83 | A | D | D | C |
| 84 | A | C | C | C |
| 85 | D | D | A | B |
| 86 | C | C | A | C |
| 87 | C | A | B | D |
| 88 | C | A | C | C |
| 89 | D | B | C | D |
| 90 | C | C | C | C |
| 91 | X | C | B | B |
| 92 | D | A | D | A |
| 93 | B | B | B | C |
| 94 | A | D | C | A |
| 95 | B | B | B | X |
| 96 | D | C | A | D |
| 97 | C | B | X | B |
| 98 | A | A | D | C |
| 99 | B | X | C | B |
| 100 | C | D | A | D |

'X' denotes deletion

Approved For Publication
Sd/-
Section officer